## റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്

17 (2845) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) ഉപയോഗിച്ച് ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽ നിർമ്മാണം പുരോഗമിക്കുന്നതും, നിർമ്മാണം ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

പ്രവൃത്തി പുരോഗമിക്കുന്ന പദ്ധതി:

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിലെ ലോവർ കരിക്കം മത്രുഴികത്ത്-ഓർത്തഡോക്സ് ചർച്ച് പെടോൾ പമ്പ് റോഡ്.

പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ:

1. അഞ്ചൽ ഗ്രാമപഞ്ചായത്തിലെ അഗസ്ത്യകോട്-മംഗലത്ത് വാളുക്കൽ പയ്യംപാറ റോഡ്.

2. അലയമൺ ഗ്രാമപഞ്ചായത്തിലെ കരുകോൺ പുഞ്ചക്കോണം ഇരുവേലിക്കൽ കരുകോൺ റോഡ്.

3. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ എരുതനംങ്ങാട് കൈതക്കോട് മുളവന റോഡ്.

4. പോരുവഴി ഗ്രാമപഞ്ചായത്തിലെ ചിറത്താഴത്തുമുക്ക് കാഞ്ഞിരക്കുറ്റിവിള ഇടിക്കണ റോഡ്.

## ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗ ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പള വിതരണം

18 (2846) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പള വിതരണം നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയത് എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡു നാളിതുവരെ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല ആയതുകാരണം ഡി.ആർ.ഡി.എ.-കളിൽ ഫണ്ടിൽ കുറവ് വന്നതിനാലാണ് ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാൻ കഴിയാതിരുന്നത്. എന്നാൽ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്ട് ഡയറക്ടർമാർ ആവശ്യപ്പെട്ടതനുസരിച്ച് 2016 ജനുവരി വരെയുള്ള ശമ്പളം സി.ആർ.ഡി.-യുടെ ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്.

## ഗ്രാമീണ റോഡ് വികസനം

19 (2847) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഗ്രാമീണ റോഡ് വികസനത്തിൽ റെക്കോർഡ് വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ റോഡ് വികസനത്തിനായി നടപ്പിലാക്കിയ കേന്ദ്ര പദ്ധതികൾ ഏതെല്ലാമാണ്;

(സി) സംസ്ഥാന ആവശ്യപ്രകാരം പി.എം.ജി.എസ്.വൈ. തുടങ്ങിയ പദ്ധതികളിൽ ഇളവ് വരുത്തി പുതിയ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഗ്രാമീണ റോഡ് വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവയുണ്ടോ; എങ്കിൽ ഇവ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ റോഡ് വികസനവുമായി ബന്ധപ്പെട്ട് ഗ്രാമവികസന വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതിയിൽ സർവ്വകാലനേട്ടം കൈവരിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ റോഡ് വികസനവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതിയാണ് ഗ്രാമ വികസന വകുപ്പ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly